REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 25-12-2024 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- യേശുദേവന്റെ തിരുപ്പിറവിയുടെ ഓർമ്മ പുതുക്കി ഇന്ന് ക്രിസ്മ്സ്. ആശംസ നേർന്ന് രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും.
- മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയുടെ നൂറാം ജന്മദിനം ഇന്ന് സദ്ഭരണ ദിനമായി ആചരിക്കുന്നു. പ്രധാനമന്ത്രി നരേന്ദ്രമോദി മധ്യപ്രദേശിൽ വാജ്പേയിയുടെ സ്മരണികാ സ്റ്റാമ്പും നാണയവും പ്രകാശനം ചെയ്യും.
- രാജേന്ദ്ര വിശ്വനാഥ് ആർലെകർ പുതിയ കേരള ഗവർണർ. ആരിഫ് മുഹമ്മദ് ഖാൻ ബിഹാർ ഗവർണറാകും.
- മണ്ഡലപൂജയ്ക്ക് അയ്യപ്പനു ചാർത്തുന്ന തങ്ക അങ്കിയുമായി ഘോഷയാത്ര ഇന്നുച്ചയ്ക്ക് പമ്പയിലെത്തും. മണ്ഡലപൂജ നാളെ.
- ദേശീയ ഗോത്രമേള 'നെറതിങ്ക' യ്ക്ക് കോഴിക്കോട്ട് തുടക്കമായി.
- വെസ്റ്റ് ഇൻഡീസിനെതിരായ വനിതാ ഏകദിന ക്രിക്കറ്റ് പരമ്പര ഇന്ത്യയ്ക്ക്.

## വാർത്തകൾ വിശദമായി

**ഇന്ന് ക്രിസ്മസ്.**

**ഉണ്ണിയേശുവിന്റെ തിരുപ്പിറവിയുടെ സ്മരണ പുതുക്കുകയാണ് ലോകമെങ്ങും ക്രൈസ്തവർ. ലോകസമാധാനത്തിന്റെയും ശാന്തിയുടെയും സന്ദേശമാണ് ക്രിസ്മസ് ദിനം മുന്നോട്ടുവെയ്ക്കുന്നത്.**

**ഒരു റിപ്പോർട്ട്.**

**--------------(Voice)----------------**

**പുതിയൊരു സൃഷ്ടിപ്പിന്റെ ചരിത്രം കൂടിയാണ് ക്രിസ്മസ്. ബത്‌ലഹേമിലെ കാലിത്തൊഴുത്തിൽ യേശു പിറന്നതിന്റെ ഓർമദിനം.**

**സ്നേഹത്തിന്റെയും പങ്കുവെയ്ക്കലിന്റെയും അനുഭൂതിയാണ് ഓരോ ക്രിസ്മസും. പുൽക്കൂടൊരുക്കി ഉണ്ണിയേശുവിന്റെ തിരുപ്പിറവിയെ സ്മരിച്ചും വീടുതോറും കരോൾ സംഘങ്ങളെത്തിയും ആഘോഷപൂർവമാണ് നാടെങ്ങും ക്രിസ്മസിനെ വരവേറ്റത്.**

**ഡിസംബർ ഒന്നുമുതൽ മത്സ്യമാംസാദികൾ വർജിച്ച വ്രതാനുഷ്ഠാനത്തിന്റെ പൂർത്തീകരണം കൂടിയാണ് ക്രിസ്മസ്. പാതിരാ കുർബാനയോടെ ദേവാലയങ്ങളിൽ തിരുപ്പിറവിയുടെ ചടങ്ങുകൾക്ക് തുടക്കമായി. ക്രിസ്മസ് ദിന പ്രത്യേക പ്രാർത്ഥനകളും ചടങ്ങുകളും രാവിലെയും തുടരും.**

**കുടുംബങ്ങൾ ഒത്തുചേർന്നും സൗഹൃദങ്ങൾ പുതുക്കിയും രുചിക്കൂട്ടുകൾ പങ്കുവെച്ചും സ്നേഹത്തിന്റെ ആഘോഷം പകൽ മുഴുവൻ തുടരും.**

✪✪✪

**രാഷ്ട്രപതി ദ്രൗപദി മുർമുവും ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖറും ക്രിസ്മസ് ആശംസ നേർന്നു.**

**യേശു പകർന്നു നൽകിയ സ്നേഹത്തിന്റെയും സഹവർത്തിത്തത്തിന്റെയും സന്ദേശം ജീവിതത്തിൽ ഉൾക്കൊള്ളണമെന്ന് രാഷ്ട്രപതി പറഞ്ഞു. യേശുദേവന്റെ ക്ഷേമത്തിന്റെയും സാഹോദര്യത്തിന്റെയും പാഠങ്ങൾ ലോകത്തെ നന്മയിലേക്ക് നയിക്കുന്നതാണെന്നും ഐക്യവും സമാധാനവും ഊട്ടിയുറപ്പിക്കാൻ ക്രിസ്മസ് ദിനം പ്രചോദനമാകട്ടെയെന്നും രാഷ്ട്രപതി ആശംസ സന്ദേശത്തിൽ പറഞ്ഞു.**

**പ്രത്യാശയുടെയും സഹാനുഭൂതിയുടെയും ഐക്യദാർഢ്യത്തിന്റെയും സാർവത്രിക സന്ദേശമാണ് ക്രിസ്മസ് പകർന്നു നൽകുന്നതെന്ന് ഉപരാഷ്ട്രതി പറഞ്ഞു.**

✪✪✪

**ലോകത്ത് നിലനിൽക്കുന്ന പ്രതിസന്ധികളുടെയും യുദ്ധങ്ങളുടെയും അടിസ്ഥാന കാരണം അഹംഭാവമാണെന്ന് കത്തോലിക്കാ സഭയുടെ കർദിനാളായി വത്തിക്കാനിൽ ഈയിടെ ചുമതലയേറ്റ മാർ ജോർജ് കൂവക്കാട്ടിൽ ആകാശവാണി വാർത്തയ്ക്കു നൽകിയ ക്രിസ്മസ് സന്ദേശത്തിൽ പറഞ്ഞു.**

**......(വോയ്സ്)......**

✪✪✪

മതങ്ങൾ പകർന്നുനൽകുന്ന സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സമാധാനത്തിന്റെയും ആശയങ്ങൾ മുറുകെ പിടിച്ച് മാനവികത ആഘോഷിക്കാമെന്ന് മുസ്ലിം ലീഗ് സംസ്ഥാന അധ്യക്ഷൻ പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ ക്രിസ്മസ് സന്ദേശത്തിൽ പറഞ്ഞു. സഹനത്തിന്റേയും ത്യാഗത്തിന്റേയും ലോകസമാധാനത്തിന്റെയും ശാന്തിയുടെയും പ്രതിരൂപമായാണ് യേശു ജീവിച്ചതെന്ന് അദ്ദേഹം പറഞ്ഞു. കാലിത്തൊഴുത്തിൽ ജനിച്ചവർ ലോകനായകനായെന്നും, സമാധാനത്തിന്റെ ദൂതനായെന്നും ആ ജീവിതം മുഴുവൻ പങ്കുവെച്ച സന്ദേശം മാനവികതയുടേതായിരുന്നുവെന്നും സാദിഖലി ശിഹാബ് തങ്ങൾ പറഞ്ഞു.

✪✪✪

കൊച്ചിയിൽ വിവിധ ദേവാലയങ്ങളിൽ നടന്ന തിരുപ്പിറവി ആഘോഷ ചടങ്ങുകളിൽ നൂറുകണക്കിന് വിശ്വാസികൾ പങ്കെടുത്തു. മതമേലധ്യക്ഷൻമാരുടെയും മറ്റും നേതൃത്വത്തിൽ പാതിരാ കുർബാനകളും പ്രത്യേക പ്രാർത്ഥനകളും നടന്നു.

കൊച്ചി സെൻറ് ഫ്രാൻസിസ് അസീസി കത്തീഡ്രലിൽ നടന്ന ചടങ്ങിൽ ആർച്ച് ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ മുഖ്യകാർമികത്വം വഹിച്ചു.

✪✪✪

ക്രിസ്മസിനോട് അനുബന്ധിച്ച് കോഴിക്കോട് ദേവമാത കത്തിഡ്രലിൽ നടന്ന തിരുകർമ്മങ്ങൾക്ക് കോഴിക്കോട് ബിഷപ്പ് വർഗീസ് ചക്കാലക്കലും താമരശ്ശേരി മേരിമാതാ കത്തിഡ്രലിൽ താമരശേരി ബിഷപ്പ് റെമിജിയോസ് ഇഞ്ചനാനിയലും കാർമികത്വം വഹിച്ചു.

✪✪✪

കണ്ണൂർ ജില്ലയിലെ വിവിധ ക്രിസ്തീയ ദേവാലയങ്ങളിൽ അർദ്ധരാത്രിയോടെ ആരംഭിച്ച ആഘോഷ പരിപാടികൾ പുലർച്ച വരെ നീണ്ടു. തലശ്ശേരി സെൻറ് ജോസഫ് കത്തീഡ്രലിൽ തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനിയുടെ മുഖ്യ കാർമികത്വത്തിലാണ് ചടങ്ങുകൾ നടന്നത്.

കണ്ണൂരിൽ ബിഷപ്പ് ഡോക്ടർ അലക്സ് വടക്കുംതല മുഖ്യകാർമികത്വം വഹിച്ചു. നിരവധി വിശ്വാസികളാണ് എത്തിയത്.

✪✪✪

മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയുടെ നൂറാം ജന്മവാർഷികമായ ഇന്ന് സദ്ഭരണ ദിനമായി ആചരിക്കുന്നു. ഡൽഹിയിലെ വാജ്പേയിയുടെ സമാധി സ്ഥലമായ സദൈവ് അടലിൽ രാഷ്ട്ര നേതാക്കൾ അദ്ദേഹത്തിന് ആദരാഞ്ജലി അർപ്പിക്കും.

✪✪✪

അടൽ ബിഹാരി വാജ്പേയിയുടെ നൂറാം ജന്മവാർഷികത്തോടനുബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് മധ്യപ്രദേശ് സന്ദർശിക്കും. ഉച്ചയ്ക്ക് ഖജുരാഹോയിൽ ഒന്നിലധികം വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും പ്രധാനമന്ത്രി നിർവഹിക്കും.

A.B വാജ്പേയിയുടെ നൂറാം ജന്മവാർഷിക ത്തോടനുബന്ധിച്ച് സ്മരണിക സ്റ്റാമ്പും നാണയവും പ്രധാനമന്ത്രി പ്രകാശനം ചെയ്യും. 1,153 അടൽ ഗ്രാം സുശാസൻ കെട്ടിടങ്ങളുടെ തറക്കല്ലിടലും അദ്ദേഹം നിർവഹിക്കും.

✪✪✪

പതിനായിരത്തിലധികം വിവിധോദ്ദേശ്യ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളും, ഡയറി, ഫിഷറീസ് സഹകരണ സംഘങ്ങളും കേന്ദ്ര സഹകരണ മന്ത്രി അമിത് ഷാ ഇന്ന് ന്യൂഡൽഹിയിൽ രാജ്യത്തിന് സമർപ്പിക്കും. പുതുതായി രൂപീകരിച്ച സഹകരണ സംഘങ്ങൾക്ക് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ, റുപേ കിസാൻ ക്രെഡിറ്റ് കാർഡുകൾ, മൈക്രോ എടിഎമ്മുകൾ എന്നിവയും അദ്ദേഹം വിതരണം ചെയ്യും. ഗ്രാമീണ ജനതയെ രാജ്യത്തിന്റെ സാമ്പത്തിക പുരോഗതിയിൽ പങ്കാളികളാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

ഗ്രാമീണ മേഖലയിലെ സഹകരണ സ്ഥാപനങ്ങളുടെ വളർച്ചയെ പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് വിവിധോദ്ദേശ്യ കാർഷിക സഹകരണ സ്ഥാപനങ്ങൾ രൂപീകരിച്ചിരിക്കുന്നത്.

✪✪✪

കേരള ഗവർണറായി രാജേന്ദ്ര വിശ്വനാഥ് ആർലെകറെ രാഷ്ട്രപതി നിയമിച്ചു. ആരിഫ് മുഹമ്മദ് ഖാൻ ബിഹാർ ഗവർണറാകും. നിലവിൽ ബിഹാർ ഗവർണറാണ് ആർലെകർ.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

.....(വോയ്സ്)....

ഇതോടൊപ്പം ഒഡിഷ, മിസോറം, മണിപ്പൂർ എന്നീ സംസ്ഥാനങ്ങളിലും ഗവർണർമാരെ രാഷ്ട്രപതി മാറ്റി നിയമിച്ചു. മിസോറാം ഗവർണർ ഡോ. ഹരി ബാബു കമ്പംപതി ഒഡീഷ ഗവർണറാകും. മുൻ കേന്ദ്രമന്ത്രി ജനറൽ

വിജയ് കുമാർ സിംഗിനെ മിസോറാം ഗവർണറായി നിയമിച്ചു. മുൻ ആഭ്യന്തര സെക്രട്ടറി അജയ് കുമാർ ഭല്ലയാണ് പുതിയ മണിപ്പൂർ ഗവർണർ.

കേരളത്തിൽ 23-ാമത്തെ ഗവർണറായി നിയമിതനായ രാജേന്ദ്ര വിശ്വനാഥ് ആർലെകർ ഗോവ സ്വദേശിയാണ്. ഹിമാചൽ പ്രദേശിലും അദ്ദേഹം ഗവർണറായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഗോവ ഗവൺമെന്റിൽ കാബിനറ്റ് മന്ത്രിയായിരുന്ന അദ്ദേഹം, നിയമസഭയുടെ മുൻ സ്പീക്കറുമായിരുന്നു. BJP നേതാവായ ആർലെകർ RSSലൂടെയാണ് പൊതുരംഗത്തെത്തിയത്.

ബിഹാർ ഗവർണറാകുന്ന ആരിഫ് മുഹമ്മദ് ഖാൻ കഴിഞ്ഞ സെപ്റ്റംബർ 5 ന് കേരളാ ഗവർണർ പദവിയിൽ അഞ്ച് വർഷം പൂർത്തിയാക്കിയിരുന്നു.

✪✪✪

മണ്ഡലപൂജയ്ക്ക് അയ്യപ്പനു ചാർത്തുന്ന തങ്ക അങ്കിയുമായി ഘോഷയാത്ര ഇന്നുച്ചയ്ക്ക് പമ്പയിലെത്തും. സന്നിധാനത്ത് വൈകിട്ട് 6-40 ന് തങ്ക അങ്കിചാർത്തി ദീപാരാധന നടക്കും. നാളെയാണ് മണ്ഡല പൂജ .

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട പ്രതിനിധി ശ്രീജി S ശ്രീധർ.

.....(വോയ്സ്).........

(വോയ്സ് സ്ക്രിപ്റ്റ്) -

മണ്ഡലപൂജയ്ക്ക് അയ്യപ്പനു ചാർത്തുന്ന തങ്ക അങ്കിയുമായി രഥ ഘോഷയാത്ര ഇന്ന് ഉച്ചയ്ക്ക് ഒന്നോടെ പമ്പയിലെത്തും. വൈകിട്ട് 6.40നാണ് തങ്ക അങ്കി ചാർത്തി ദീപാരാധാന നടക്കുക. നാളെ ഉച്ചക്ക് 12 നും 12.30നും ഇടയിൽ തന്ത്രി കണ്ഠര് രാജീവരുടെ മുഖ്യ കാർമ്മികത്വത്തിൽ മണ്ഡല പൂജ നടക്കും. ഇന്ന് രാവിലെ 11-നുശേഷം തീർഥാടകരെ പമ്പയിൽ നിന്നു സന്നിധാനത്തേക്കു കടത്തിവിടില്ല. തിരക്കു നിയന്ത്രണത്തിന്റെ ഭാഗമായി വെർച്വൽ ക്യൂ, തത്സമയ ബുക്കിംഗ് എന്നിവയ്ക്ക് ഇന്നും നാളെയും തീർഥാടകരുടെ എണ്ണത്തിൽ കുറവുവരുത്തിയിട്ടുണ്ട്. തങ്ക അങ്കി ഘോഷയാത്ര ഉച്ചകഴിഞ്ഞു മൂന്നുമണിയോടെ പമ്പയിൽ നിന്ന്സന്നിധാനത്തേക്കു തിരിക്കും. ഘോഷയാത്ര വൈകിട്ട് അഞ്ചുമണിയോടെ ശരം കുത്തിയിൽ എത്തിച്ചേർന്ന ശേഷമായിരിക്കും ഭക്തതരെ പമ്പയിൽനിന്നു സന്നിധാനത്തേക്കു കടത്തിവിടു. ഇന്ന് ഉച്ചപൂജ കഴിഞ്ഞാൽ പിന്നെ ദീപാരാധനയ്ക്കു ശേഷമേ ഭക്തർക്കു ദർശനം സാധ്യമാകൂ. 41 ദിവസത്തെ മണ്ഡലകാലം പൂർത്തിയാക്കി നാളെ രാത്രി അടയ്ക്കുന്ന നട മകരവിളക്ക് മഹോത്സവത്തിനായി തിങ്കളാഴ്ച തുറക്കും.

✪✪✪

ദേശീയ ഗോത്രമേള 'നെറതിങ്ക' കോഴിക്കോട് കിർത്താഡ്സിൽ ആരംഭിച്ചു. മേയർ ഡോ. ബീന ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. തിങ്കളാഴ്ച സമാപിക്കുന്ന

മേളയിൽ വിവിധ ജില്ലകളിലെ വിത്യസ്ത ഗോത്ര വിഭാഗങ്ങൾക്ക് പുറമെ രാജസ്ഥാൻ, കർണാടക, മഹാരാഷ്ട്ര, തമിഴ്നാട്, മധ്യപ്രദേശ് മുതലായ സംസ്ഥാനങ്ങളിൽ നിന്നു ഗോത്ര വിഭാഗങ്ങളിലെ വ്യത്യസ്ത മേഖലകളിലെ വിദഗ്ധരും പങ്കെടുക്കും. ദേശീയ ഗോത്ര ഭക്ഷ്യമേള, ഗോത്ര വൈദ്യ ചികിത്സാ ക്യാമ്പ്, ദേശീയ ഗോത്ര കലാമേള, കരകൗശല ഉല്പന്ന പ്രദർശനവും വിപണനവും, ഗോത്ര ചിത്രകാരന്മാരുടെ ദേശീയ ചിത്ര പ്രദർശനവും വിൽപ്പനയും, മ്യൂസിയം എക്സിബിഷൻ, ഗോത്ര സാഹിത്യ സംവാദ സദസ് തുടങ്ങിയവയാണ് മേളയിൽ ഒരുക്കിയിയിരിക്കുന്നത്.

മേളയുടെ ഭാഗമായി കേരളത്തിനകത്തെയും പുറത്തെയും വിവിധ ഗോത്ര കലകളുടെ പ്രദർശനവും, ഗോത്രകലാസംഘങ്ങളുടെ ഗോത്ര പാരമ്പര്യ പാട്ടുകളും, ആവിഷ്കാരങ്ങളും ദേശീയ ഗോത്ര കലാമേളയിൽ ഉണ്ടാകും.

✪✪✪

വെസ്റ്റ് ഇൻഡീസിനെതിരായ വനിത ഏകദിന ക്രിക്കറ്റ് പരമ്പര ഇന്ത്യയ്ക്ക്. ആദ്യമത്സരത്തിൽ വിജയിച്ച ഇന്ത്യ വഡോദരയിൽ രണ്ടാം മത്സരത്തിൽ വെസ്റ്റ് ഇൻഡീസിനെ 115 റൺസിന് തകർത്താണ് പരമ്പര നേടിയത്.

ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ നിശ്ചിത 50 ഓവറിൽ 5 വിക്കറ്റ് നഷ്ടത്തിൽ 358 റൺസ് നേടി. വെസ്റ്റ് ഇൻഡീസ് 46.2 ഓവറിൽ 243 റൺസിന് പുറത്തായി.

മൂന്നാമത്തെയും അവസാനത്തെയും മത്സരം വെള്ളിയാഴ്ച നടക്കും.

✪✪✪

സംസ്ഥാനത്തെ ഏറ്റവും വലിയ മിൽമ ഫാക്ടറി മലപ്പുറത്ത് പ്രവർത്തനമാരംഭിച്ചു.

വിവരങ്ങളുമായി ആകാശവാണി ജില്ലാപ്രതിനിധി M.സുരേഷ് ബാബു.

.........(വോയ്സ്)...........

✪✪✪

മുഖ്യമന്ത്രി പിണറായി വിജയൻ ഇന്നും നാളെയും കണ്ണൂർ ജില്ലയിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും. ഇന്ന് രാവിലെ പിണറായിയിൽ ധർമ്മടം നിയോജക മണ്ഡലത്തിലെ പഞ്ചായത്ത് പ്രസിഡന്റുമാരുടെ യോഗത്തിൽ മുഖ്യമന്ത്രി പങ്കെടുക്കും. നാളെ രാവിലെ മന്ത്രിസഭാ യോഗത്തിൽ വീഡിയോ കോൺഫറൻസിംഗിലൂടെ പങ്കെടുക്കുന്ന മുഖ്യമന്ത്രി, കാനാമ്പുഴ

പുനരുജ്ജീവനത്തിന്റെ പൂർത്തിയായ ഒന്നാം ഘട്ടത്തിന്റെ ഉദ്ഘാടനവും നിർവഹിക്കും .

നാളെ തലശ്ശേരി മലബാർ കാൻസർ സെന്ററിലെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനം നിർവഹിക്കുന്ന മുഖ്യമന്ത്രി വൈകീട്ട് സംസ്ഥാനത്തെ 25 സ്മാർട്ട് അങ്കണവാടികൾ മട്ടന്നൂരിൽ ഉദ്ഘാടനം ചെയ്യും.

✪✪✪

കൊച്ചി തൃക്കാക്കര KMM കോളേജിലെ NCC ക്യാമ്പിൽ കേഡറ്റുകൾക്കുണ്ടായ ശാരീരികാസ്വാസ്ഥ്യം സംബന്ധിച്ച് NCC ഗ്രൂപ്പ് കമാൻഡർ ബ്രിഗേഡിയർ G. സുരേഷ് കൊല്ലത്തിന്റെ നേതൃത്വത്തിൽ സമിതി അന്വേഷിക്കും. ഇന്നലെയും ഇന്നും അവധി നൽകിയ ക്യാമ്പ് നാളെ പുനരാരംഭിക്കുമെന്ന് NCC ഒഫീഷ്യേറ്റിംഗ് അഡീഷണൽ ഡയറക്ടർ ജനറൽ അറിയിച്ചു.

235 പെൺകുട്ടികൾ ഉൾപ്പെടെ 513 കാഡറ്റുകൾ പങ്കെടുത്ത ക്യാമ്പിലെ ഏതാനും ചിലർക്കാണ് തിങ്കളാഴ്ച ശാരീരികാസ്വാസ്ഥ്യം അനുഭവപ്പെട്ടത്.

✪✪✪